**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76

30.01.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഉന്നമനം

| | ചോദ്യം<br>**ശ്രീ. കെ.വി.വിജയദാസ്,**<br>**ശ്രീ. ജോർജ് എം തോമസ്,**<br>**ശ്രീ. സി.കെ.ഹരീന്ദ്രൻ**<br>**ശ്രീ.എൻ.വിജയൻ പിള്ള** | | ഉത്തരം<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | രാജ്യത്ത് പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരും സമ്പന്നരും തമ്മിലുള്ള സാമ്പത്തിക അന്തരം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തി- നായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ: | (എ) | പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ തൊഴിൽദായക പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർ ശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തി വരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നിങ്ങനെ വിവിധ കോഴ്സകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തി വരുന്നു.<br>3. സ്റ്റാർട്ട് അപ് മിഷന്റെ കീഴിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ച വരുന്ന സ്റ്റാർട്ടപ്പകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 40 ലക്ഷം രൂപ സ്ഥാപനത്തിന് വിതരണം ചെയ്തിട്ടുണ്ട്.<br>4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പിക്കുന്നതിനായി പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | 5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.<br>6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ യുവാക്കൾക്ക് വകുപ്പ് മുഖേന പരമാവധി ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br>7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീയുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.<br>8. സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി<br>9. SCA to SCSP പദ്ധതി പ്രകാരവും കാർഷിക കാർഷികേതര മേഖലകളിൽ നിരവധിപേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.<br>കൂടാതെ പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും, ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്ത വിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ് വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിലധിഷ്ഠിത കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു. പെൺകുട്ടികളുടെ സാമൂഹ്യ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സുരക്ഷിതത്വത്തിനായി വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.<br><br>പട്ടികവർഗ്ഗവികസന വകുപ്പ് പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി തൊഴിൽ, നൈപുണ്യവികസത്തിലൂടെയുള്ള സംരംഭകത്വവികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് ധാരാളം പരിപാടികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗതതൊഴിൽ പ്രോത്സാഹനവുമാണ്. ഇതിൻറെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കൂടി സൃഷ്ടിക്കുന്നതിന് ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു.<br><br>2016-17 വർഷം മുതൽ ഗോത്രജീവിക പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്നു<br><br>പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായ് പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നതിന് കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. .<br><br>ലൈഫ് മിഷൻ പദ്ധതിയിൽ 2018 -19 വർഷം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവന രഹിതർക്ക് ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയാക്കി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചു. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഗോത്രവാൽസല്യ നിധി. നിർദ്ധനരും അനാഥരും നിലവിൽ 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിച്ച് വരുന്ന പദ്ധതി. പട്ടികവർഗ്ഗക്കാരുടെ കടം എഴുതിതള്ളുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയും കേന്ദ്ര സർവ്വീസിൽ കരാർവൽക്കരണം നടപ്പിലാക്കുകയും ചെയ്യുന്നത് മൂലം പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതം ലഭിക്കേണ്ട അവസരങ്ങൾ ഇല്ലാതാക്കുന്നതിനാൽ എയ്ഡഡ്, സ്വകാര്യ മേഖലകളിൽ കൂടി ജോലി സംവരണം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ: | (ബി) | സർക്കാർ - അർദ്ധ സർക്കാർ, പൊതു മേഖല സ്ഥാപനങ്ങളിൽ നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സംവരണം **8%, 2%** ആണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരിക്കലും, കരാർവൽക്കരിക്കലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള തൊഴിൽ സാദ്ധ്യത കുറയാൻ കാരണമാകുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. |
| (സി) | സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികജാതി യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗതതൊഴിൽ പ്രോത്സാഹനവുമാണ്. ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ **1400** യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിൻറനൻസ് തുടങ്ങിയ ഐ.റ്റി മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിൻറെ കീഴിൽ സെന്റർ |

ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സജ്ജമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്ന പദ്ധതി.

കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻ്റർ ഫോർ ബയോ പോളിമർ സയൻസ് ആൻറ് ടെക്നോളജി മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെൻറ് ഉറപ്പ് വരുത്തി.

എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെൻറിൽ 125 പേർക്ക് പരിശീലനം നൽകി മുന്തിയ ഹോട്ടലുകളിൽ പ്ലെയ്സ് മെൻ്റ് നൽകിയിട്ടുണ്ട്.

സെൻ്റർ ഫോർ ഡെവലപ്മെൻറ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകി പ്ലെയ്സ്മെൻറ് നടത്തി വരുന്നു.

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ താഴെ പറയും പ്രകാരം പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്..

<u>ഗോത്രബന്ധു</u>

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, ഭാഷാപ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട് ജില്ലയിൽ 241 മെൻറർ ടീച്ചർമാരെയും അട്ടപ്പാടിയിൽ 26 മെൻറർ ടീച്ചർമാരെയും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചു.

<u>കമ്മിറ്റഡ് സോഷ്യൽ വർക്കർ</u>

എം.എ സോഷ്യോളജി, എം.എ ആന്ത്രോ പോളജി എം.എസ്. ഡബ്ല്യൂ എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ പ്രമോട്ടർമാർ</u>

പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പട്ടികവർഗ്ഗ പ്രമോട്ടർമാരായി നിർമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | <u>മാനേജ്മെൻറ് ട്രെയിനികൾ</u><br>**140** പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗ വികസന വകുപ്പിൻറെ വിവിധ ഓഫീസു കളിൽ മാനേജ്മെൻറ് ട്രെയിനികളായും നിയമിച്ചിട്ടുണ്ട്.<br><u>പട്ടികവർഗ്ഗ കുടുംബശ്രീ ആനിമേറ്റർമാർ</u><br>പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ സ്പെഷ്യൽ ട്രൈബൽ പ്രോജക്ട് മുഖേന **200** പട്ടികവർഗ്ഗ ആനിമേറ്റർമാരെ നിയമിച്ചു<br>**<u>ഗോത്രജീവിക</u>**'-:2016-17 വർഷം മുതൽ ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മണ മേഖലയിൽ മേസ്തിരി, കാർപെൻറ്റി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതി<br><u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി</u><br>പട്ടികവർഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കൂടി സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

അനുബന്ധം

<u>പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽദായക</u>

<u>പരിശീലന പരിപാടികൾ</u>

1. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹൗസ് കീപ്പിംഗ് (അറ്റൻഡന്റ്)
2. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവീസസ് (ട്രെയിനി)
3. ഡിപ്ലോമ ഇൻ റ്റൂൾ ആന്റ് ഡൈ മേക്കിംഗ്
4. ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് എൻജിനീയറിംഗ്
5. ഡിപ്ലോമ ഇൻ കംപ്യൂട്ടർ എൻജിനീയറിംഗ്
6. ഡിപ്ലോമ ഇൻ മെക്കാട്രോണിക്സ്
7. ചുവർ ചിത്രരചനയിലും ഗ്ലാസ്സ് പെയിന്റിംഗിലും താല്പര്യമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ്
8. IELTS/ TOEFL ട്രെയിനിംഗ് പ്രോഗ്രാം
9. അഡ്വാൻസ്ഡ് ഇംഗ്ലീഷ് ലാംഗ്വേജ് ട്രെയിനിംഗ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് ഫോർ എസ്.സി വുമൺ
10. പ്രാക്ടിക്കൽ ഓറിയന്റഡ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ അഡ്വാൻസ്ഡ് ഓട്ടോമൊബൈൽ എൻജിനീയറിംഗ്
11. പ്ലാസ്റ്റിക് പ്രോഡക്ട് മാനുഫാക്ചറിംഗ്
12. പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ ആന്റ് ഡെവലപ്പ്മെന്റ്
13. നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം
14. അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി സ്കിൽസ് കോഴ്സ് ഫോർ എസ്.സി വുമൺ
15. എൺലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് - ഫാബ്രിക്കേറ്റർ/ഫിറ്റർ (3 മാസം)
16. എൺലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് - ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ (3 മാസം)
17. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്
18. ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി
19. ഡിപ്ലോമ ഇൻ പഞ്ചകർമ്മ
20. സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഓൺ ഓർഗാനിക് ഗ്രോവർ
21. സർട്ടിഫിക്കറ്റ് ഇൻ ഗ്രാഫിക്സ് & വെബ് ഡിസൈനിംഗ് (4 മാസം)
22. സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് & ഫിനാൻഷ്യൽ സർവീസ് (2 മാസം)
23. ഇന്റേൺഷിപ്പ് സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസ് (ഒരു മാസം)
24. സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ
25. സ്കിൽ ട്രെയിനിംഗ് ഇൻ സിസിറ്റിവി ടെക്നീഷ്യൻ കോഴ്സ്
26. B.Voc പ്രോഗ്രാം ഇൻ അപ്പാരൽ ഫാഷൻ ടെക്സ്റ്റൈയിൽസ്
27. സ്കിൽ ട്രെയിനിംഗ് ഫോർ ടെക്നീഷ്യൻ ഇൻ കമ്പ്യൂട്ടിംഗ് പെരിഫറൽസ്
28. സെയിൽസ് എക്സിക്യൂട്ടീവ് അറ്റ് അട്ടോമോട്ടീവ് ഡീലർഷിപ്പ്
29. ഡിപ്ലോമ ഇൻ പേഷ്യന്റ് കെയർ മാനേജ്മെന്റ്
30. ഡിപ്ലോമ ഇൻ ജെറിയാട്രിക് കെയർ
31. സോളർ ഇൻസ്റ്റാലേഷൻ & റിപ്പയറിംഗ് ടെക്നീഷ്യൻ
32. ഫീൽഡ് ടെക്നീഷ്യൻ ഇൻ എയർ കണ്ടീഷൻ

സെക്ഷൻ ഓഫീസർ